**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5606** 13-08-2021 - ൽ മറുപടിയ്ക്ക്

**കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കനാലുകളുടെയും ഇടത്തോട്ടുകളുടെയും നവീകരണത്തിനായി നടന്നുവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; മണ്ഡലം തിരിച്ച് വിവരങ്ങൾ നൽകുമോ; | (എ) | ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 2 എന്നീ രണ്ട് പദ്ധതികൾക്കായി ₹96.509 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ജലസേചന വകുപ്പിന്റെ പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ₹54.15 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും, ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണം നടന്നുവരുന്നു. ഇതിൽ പ്രധാന കനാലുകളായ ഉപ്പൂറ്റി കനാൽ, വെസ്റ്റ്ജംഗ്ഷൻ കനാൽ, കൊമേഴ്സ്യൽ കനാൽ, വാടക്കനാൽ, മുറിഞ്ഞപ്പുഴ കനാൽ, കൊട്ടാരം തോട്, അമ്പലപ്പുഴ കനാൽ (പള്ളാത്തുരുത്തിവരെ), ആലപ്പുഴ-ചേർത്തല കനാൽ, ഈസ്റ്റ്ജംഗ്ഷൻ കനാൽ എന്നിവയിൽ അടിഞ്ഞു കൂടി കിടക്കുന്ന മാലിന്യങ്ങളും പോളയും നീക്കം ചെയ്തു പൊളിഞ്ഞു കിടക്കുന്ന പാർശ്വഭിത്തികളുടെ സംരക്ഷണവും ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുതകും വിധം ആഴം വർദ്ധിപ്പിക്കുകയും ആലപ്പുഴ ചേർത്തല കനാലിലെ 9 പ്രദേശങ്ങളിലെ മണൽ ബണ്ടുമാറ്റി കോൺക്രീറ്റ് കലുങ്കുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതി പ്രവൃത്തികൾ. ഇതിൽ 92 ശതമാനത്തോളം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചു കഴിഞ്ഞു. ആകെ 23.86 കി.മീറ്റർ നീളമുള്ള കനാലിലെ 20.38 കി.മീറ്റർ നീളത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇവകൂടാതെ പ്രധാനപ്പെട്ട 2 ചെറു കനാലുകളായ കാവിൽത്തോട്, |

| | | | |
|---|---|---|---|
| | | | ഷഡാമണിത്തോട് എന്നിവയും ഈ പദ്ധതിയിൽപ്പെടുത്തി നവീകരിച്ചു വരുന്നു. കൂടാതെ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും, ആലപ്പുഴ-ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 42 കോടി രൂപക്കുള്ള ദർഘാസ് ക്ഷണിക്കുകയും കരാർ നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ആലപ്പുഴ ജില്ലയിലെ തോടുകളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 2 എന്നീ രണ്ട് പദ്ധതികൾക്കായി ₹96.509 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ജലസേചന വകുപ്പിന്റെ പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ₹54.15 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും, ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണം നടന്നുവരുന്നു. ഇതിൽ പ്രധാന കനാലുകളായ ഉപ്പൂറ്റി കനാൽ, വെസ്റ്റ്ജംഗ്ഷൻ കനാൽ, കൊമേഴ്സ്യൽ കനാൽ, വാടക്കനാൽ, മുറിഞ്ഞപ്പുഴ കനാൽ, കൊട്ടാരം തോട്, അമ്പലപ്പുഴ കനാൽ (പള്ളാത്തുരുത്തിവരെ), ആലപ്പുഴ-ചേർത്തല കനാൽ, ഈസ്റ്റ്ജംഗ്ഷൻ കനാൽ എന്നിവയിൽ അടിഞ്ഞു കൂടി കിടക്കുന്ന മാലിന്യങ്ങളും പോളയും നീക്കം ചെയ്തു പൊളിഞ്ഞു കിടക്കുന്ന പാർശ്വഭിത്തികളുടെ സംരക്ഷണവും ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിനു തകും വിധം ആഴം വർദ്ധിപ്പിക്കുകയും ആലപ്പുഴ ചേർത്തല കനാലിലെ 9 പ്രദേശങ്ങളിലെ മണൽ ബണ്ടുമാറ്റി കോൺക്രീറ്റ് കലുങ്കുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതി പ്രവൃത്തികൾ. ഇതിൽ 92 ശതമാനത്തോളം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചു കഴിഞ്ഞു. ആകെ 23.86 കി.മീറ്റർ നീളമുള്ള കനാലിലെ 20.38 കി.മീറ്റർ നീളത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇവകൂടാതെ പ്രധാനപ്പെട്ട 2 ചെറു കനാലുകളായ കാവിൽത്തോട്, ഷഡാമണിത്തോട് എന്നിവയും ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽപ്പെടുത്തി നവീകരിച്ചു വരുന്നു. കൂടാതെ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും, ആലപ്പുഴ-ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 42 കോടി രൂപക്കുള്ള ദർഘാസ് ക്ഷണിക്കുകയും കരാർ നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ആലപ്പുഴ ജില്ലയിലെ തോടുകളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിയോജക മണ്ഡലം | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ് – പുലക്കുളം പാടശേഖരത്തിൽ വള്ളിക്കണ്ടത്തിൽ പാടി വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | 40.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 2 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ മംഗലം എൽ.ഐ. സ്കീമിന്റെ കീഴിൽ ഒരു പുതിയ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | ചെങ്ങന്നൂർ | 20.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 3 | പാണ്ടനാട് പഞ്ചായത്തിലെ ആറാം വാർഡിൽ അമ്പാട്ട് പാലത്തിനു സമീപമുള്ള ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം | ചെങ്ങന്നൂർ | 25.00 | എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് |
| 4 | ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 6 നും 7 നും ഇടയിൽ പുത്തൻതോടിനു കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം | കുട്ടനാട് | 350.00 | ഭരണാനുമതി നല്കി. സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | മാന്നാർ പഞ്ചായത്തിലെ അരിയോടിച്ചാൽ കുടവെള്ളരി എ. ബി പാടശേഖരത്തിലെ ഇലമ്പാനം തോടിന്റെ (പമ്പാ നദിയുടെ കൈവഴി) ചെളിവാരി വൃത്തിയാക്കുന്നത്. | ചെങ്ങന്നൂർ | 28.53 | 44 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | ആലപ്പുഴ ജില്ലയിലെ നൂറനാട് പഞ്ചായത്ത് എൽ.ഐ.സ്റ്റേഷൻ നമ്പർ 4 മുതൽ കല്ലുകുളം വരെ ലീഡിംഗ് ചാനലിന്റെ നിർമ്മാണം | മാവേലിക്കര | 20.00 | 25 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ചെങ്ങന്നൂർ അസംബ്ലി മണ്ഡലത്തിലെ പാണ്ടനാട് പഞ്ചായത്തിൽ വെള്ളൂപടവ്–പുലക്കുളം പാടശേഖരത്തിന്റെ എൽ.ഐ.സ്റ്റേഷനിലേക്കുള്ള ലീഡിംഗ്ചാനലിന്റെ പുനരുദ്ധാരണം | ചെങ്ങന്നൂർ | 17.78 | 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 18 ലെ ഒൻപതാം ബ്ലോക്ക് പാടശേഖരത്തിലെ മോട്ടോർ ഷെഡിന് സമീപത്തുള്ള തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 3.73 | എഗ്രിമെന്റ് വച്ച് കരാറുകാരന് സൈറ്റ് ഹാന്റോവർ ചെയ്തു. |
| 9 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ കോടോലിൽ കൾവെർട്ട് മുതൽ കീമത്ത് പടി തോട് വരെ സംരക്ഷണഭിത്തി നിർമ്മാണം. | മാവേലിക്കര | 8.00 | 71 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 17 ലെ വാര്യത്ത് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | മാവേലിക്കര | 7.50 | 58 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇല്ലിമല മൂഴിക്കൽ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണവും ചെളിവാരി വൃത്തിയാക്കലും | ചെങ്ങന്നൂർ | 34.99 | 5 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | മാന്നാർ പഞ്ചായത്തിലെ പാവുക്കര പടിഞ്ഞാറ് എൽ.ഐ സ്റ്റേഷൻ ലീഡിംഗ് ചാനലിന്റെ പുനരുദ്ധാരണവും നീളം കൂട്ടലും | ചെങ്ങന്നൂർ | 13.36 | 67 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. |